## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ: 683 | 10.03.2015-ൽ മറുപടിയ്ക്ക്

### ആദിവാസികൾക്ക് ഭൂമിയും വീടും പദ്ധതി

**ചോദ്യം**
**ശ്രീ.കെ.കെ.ജയചന്ദ്രൻ**
**ശ്രീ.കെ.വി.വിജയദാസ്**
**ശ്രീ.എം.ഹംസ**
**ശ്രീ.വി.ചെന്താമരാക്ഷൻ**

**മറുപടി**
**കുമാരി.പി.കെ.ജയലക്ഷ്മി**
**(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | ഭൂമിയും കുരയുമായുള്ള ആദിവാസികളുടെ പരാതികൾ സർക്കാർ അവലോകനം നടത്തിയിട്ടുണ്ടോ; ആദിവാസികൾക്ക് ഭൂമിയും അതിലൊരു വീടും പദ്ധതി പ്രഖ്യാപനത്തിന്റെ നിലവിലെ അവസ്ഥയെന്തെന്ന് വ്യക്തമാക്കുമോ; | എ) | ഉണ്ട്. ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് "ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം" എന്ന പദ്ധതി പ്രകാരം സർക്കാരിൽ നിന്ന് ഭൂമി വാങ്ങി നൽകി വരുന്നുണ്ട്. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ജനറൽ ഹൗസിംഗ് സ്കീം പ്രകാരം ഈ സാമ്പത്തിക വർഷം 2000 വീടുകൾ നൽകിയിട്ടുണ്ട്. |
| ബി) | സർക്കാരിന്റെ ജാഗ്രതക്കുറവും അലംഭാവവുമാണ് ആദിവാസി സമൂഹത്തിന്റെ ഭൂമിയും വീടും പദ്ധതി പ്രാവർത്തികമാക്കാൻ സാധിക്കാത്തത് എന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ; | ബി) | ഈ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് 25 സെന്റിൽ കുറയാതെയും ഒരേക്കറിൽ അധികരിക്കാതെയും വിസ്തൃതിയുള്ള ഭൂമി വാങ്ങി നൽകുന്ന "ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം" എന്ന പദ്ധതി നിലവിൽ നടപ്പിലാക്കിവരുന്നു. എന്നാൽ ഭൂവിലയിലുണ്ടായ ഗണ്യമായ വർദ്ധനവും ലഭ്യമാകുന്ന ഭൂമിയുടെ വാസയോഗ്യതാക്കുറവും, ലഭ്യമായ ഭൂമി നടപടിക്രമങ്ങൾ നിയമാനുസൃതം പൂർത്തീകരിച്ച് വിതരണത്തിനെടുക്കുന്നതിനുള്ള കാലതാമസവും ടി പദ്ധതിയുടെ നിർവ്വഹണത്തിനു ചില യിടങ്ങളിൽ കാലതാമസം സൃഷ്ടിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| സി) | പ്രഖ്യാപനങ്ങൾ മാത്രം നടത്തുകയും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിൽ അലംഭാവം കാണിക്കുകയും ചെയ്യുന്നത് കാരണമാണ് ആദിവാസികൾക്ക് ദുരിതങ്ങളിൽ നിന്ന് കരകയറാൻ സാധിക്കാത്തത് എന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കാമോ; | സി) | ആക്ഷേപം വസ്തുതാപരമല്ല. |
| ഡി) | അന്യാധീനപ്പെട്ട ആദിവാസി ഭൂമി കണ്ടെത്തി തിരിച്ചുപിടിച്ച് ആദിവാസികൾക്ക് ലഭ്യമാക്കാനും ഭൂരഹിതരായ സംസ്ഥാനത്തെ എല്ലാ ആദിവാസികൾക്കും ഭൂമി വിതരണം ചെയ്യാനും എത്രയും പെട്ടെന്ന് നടപടികൾ സ്വീകരിക്കുമോ? | ഡി) | ഇതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |

Haripriya

സെക്ഷൻ ഓഫീസർ